പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **2119**

19.06.2012 ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ട കണക്ക്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.വി. വിജയദാസ് :** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (ബഹു; വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ആകെ എത്ര കോടി രൂപ ലാഭമുണ്ടാക്കിയെന്ന് വ്യക്തമാക്കുമോ; ആയതിൽ നിന്നും എത്ര കോടി രൂപ സർക്കാരിലേക്ക് ലാഭവിഹിതമായി ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2011-12 ലെ ലാഭം താല്ക്കാലികമായി കണക്കാക്കിയിട്ടുള്ളത് 241.63 കോടി രൂപയാണ്. എല്ലാ സ്ഥാപനങ്ങളുടെയും ആഡിറ്റുകൾ പൂർത്തിയായെങ്കിൽ മാത്രമേ യഥാർത്ഥ കണക്കുകൾ ലഭ്യമാകൂ. 2011-12 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങളുടെ ഫലമായിട്ടുള്ള ലാഭവിഹിതം കമ്പനികൾ പ്രഖ്യാപിച്ചതിനുശേഷം മാത്രമേ ലാഭവിഹിതം എത്രയാണെന്ന് വ്യക്തമാകുകയുള്ളൂ. |
| (ബി) ഏതെങ്കിലും പൊതുമേഖലാ സ്ഥാപനം പ്രസ്തുത കാലയളവിൽ നഷ്ടത്തിൽ വന്നിട്ടുണ്ടോ; എങ്കിൽ അപ്രകാരം നഷ്ടത്തിൽ വന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇപ്രകാരം നഷ്ടത്തിലാകുവാനുണ്ടായ കാരണം വ്യക്തമാക്കുമോ; പ്രസ്തുത സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ബി) താല്ക്കാലികമായി കണക്കാക്കിയിട്ടുള്ളതിൻ പ്രകാരം 2011-12 കാലയളവിൽ നഷ്ടത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം 1- ആയി ചേർത്തിട്ടുണ്ട്.<br>ടെക്സ്റ്റൈൽ മേഖലയിലെ പ്രതിസന്ധിയാണ് ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന Kerala State Textile Corporation Ltd, Sitaram Textiles, Alleppey Co-op.Spinning Mills, Cannannore Co-op.Spinning Mills, Malappuram Co-op.Spinning Mills, Quilon Co-op.Spinning Mills, Trichur Co-op.Spinning Mills Ltd എന്നീ സ്ഥാപനങ്ങൾ നഷ്ടത്തിൽ പവർത്തിക്കുവാനുള്ള പ്രധാന കാരണം. വിപണിയിൽ നിന്നും നേരിടുന്ന മത്സരം അതിജീവിക്കത്തക്ക രീതിയിൽ ഉൽപ്പാദനക്ഷമത കൂടാത്തതും പ്രധാനകാരണമാണ്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദവിവരം അനുബന്ധം -2 ആയി ചേർത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം - 1

| Loss making companies during 2011-12 under Industries Dept. | |
|---|---|
| 1 | Kerala Artisans Development Corporation Ltd |
| 2 | The Metal Industries Ltd |
| 3 | KeltronComponentComplexLtd |
| 4 | TheKeralaCeramicsLtd |
| 5 | Handicrafts Dev Corp. (Kerala) Ltd |
| 6 | AutokastLtd. |
| 7 | SitaramTextilesLtd |
| 8 | AlleppeyCo-operativeSpinningMills |
| 9 | The Quilon Co-operative Spinning Mills Ltd |
| 10 | Kerala State Bamboo Corporation Ltd. |
| 11 | TracoCableCompanyLtd |
| 12 | UnitedElectricalIndustriesLtd. |
| 13 | Kerala Automobiles Ltd |
| 14 | TheCannanoreCo-op.SpinningMillsLtd |
| 15 | The Trichur Co-operative Spinning Mills Ltd |
| 16 | TheTravancoreCementsLtd |
| 17 | The Malappuram Co-operative Spinning Mills Ltd. |
| 18 | Kerala Electrical & Allied Engineering Company Ltd. |
| 19 | Kerala State Handloom Dev Corp Ltd |
| 20 | Kerala State Textile Corporation Ltd |

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

നിലവിലുള്ള ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസും റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡും സംയോജിപ്പിച്ച് ഒരു പബ്ലിക് സെക്ടർ എന്റർപ്രൈസ് ബോർഡ് [PSEB] രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

E-governance സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇടപാടുകളിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിന് ഇലക്ട്രോണിക് പ്രൊക്യുർമെന്റ് സംവിധാനം, സ്ഥാപനങ്ങളുടെ കണക്കുകൾ യഥാസമയം ക്രോഡീകരിച്ച് ഒരു സാമ്പത്തിക വർഷം കഴിഞ്ഞാലുടൻ ആഡിറ്റ് പൂർത്തിയാക്കാൻ വേണ്ടിയുള്ള ഇലക്ട്രോണിക്സ് സംവിധാനം (ERP) 2012-13ൽ തന്നെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

ഇതിന്റെ ഭാഗമായി ദൈനംദിന മോണിട്ടറിംഗ് സംവിധാനം മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം എന്നിവ ശക്തിപ്പെടുത്തുകയും, കമ്പനികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനവും e-governance ന്റെ ഭാഗമായി ഏർപ്പെടുത്തിക്കഴിഞ്ഞു.

സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും ആധുനികവൽക്കരണ പദ്ധതികൾക്കുമായി 2012-13 സാമ്പത്തിക വർഷത്തിൽ 70.20 കോടി രൂപ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തി അതിൽ നിന്നും തുക അനുവദിച്ചു വരുന്നു.

കൂടാതെ കശുവണ്ടി വ്യവസായത്തിന്റെ നവീകരണത്തിനായി കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പെക്സ് എന്നീ സ്ഥാപനങ്ങൾക്ക് 65 കോടിരൂപ ബഡ്ജറ്റിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

പൊതുമേഖലാസ്ഥാപനങ്ങൾക്ക് കൂടുതൽ ധനസഹായം അനുവദിക്കുന്നതിനായി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Rehabilitation of Textile Sector | Rs.60.00 Cr |
| Setting up of an Aero Space Centre by a Joint venture of KELTRON and VSSC | Rs.10.00 Cr |
| Handicrafts Development Corporation Ltd | Rs.5.00 Cr |
| Modern equipments in KEMDEL | Rs.2.00 Cr |
| **Total** | **Rs.77.00 Cr** |

മേൽപ്പറഞ്ഞ പദ്ധതികൾക്കുള്ള ബഡ്ജറ്റ് വിഹിതം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും, കൃത്യമായ വരവ് ചെലവ് കണക്കുകൾ അടിസ്ഥാന മാക്കുന്നതിനും, ഉദ്യോഗസ്ഥരെ കുടുതൽ ഉത്തരവാദിത്വമുള്ളവരാക്കുന്നതിനും വേണ്ടി കേന്ദ്ര പൊതുമേഖലയിൽ നടപ്പിലാക്കി വരുന്ന MoU സംവിധാനം 2012-13 മുതൽ നടപ്പിൽ വരുത്തുന്നതാണ്.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉൽപ്പാദന സൗകര്യങ്ങൾ നവീകരിക്കുന്നതിനുള്ള വ്യക്തമായ പദ്ധതികൾ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കുടാതെ മാർക്കറ്റ് സർവേയുടെ അടിസ്ഥാനത്തിൽ വിപണി വിപുലപ്പെടുത്തുവാനുള്ള പദ്ധതികൾ നൽകുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ കാര്യക്ഷമത കൂട്ടുന്നതിനായുള്ള പരിശീലന പരിപാടികൾ നടത്തുന്നതിനും, യോഗ്യരായ ജീവനക്കാരെ നിയമിക്കുന്നതിനുമായി ഒരു ദീർഘകാല പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

**സെക്ഷൻ ഓഫീസർ**